**കേരള സർക്കാർ**

**നം.ഡി.എ 1/87/2019/തസ്വഭവ**

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്,
തിരുവനന്തപുരം, തീയതി: 08.03.2019

## സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് മറ്റു വകുപ്പുകളിലെ ഉദ്യോഗസ്ഥർ സാധനങ്ങൾ പർച്ചേയ്സ് ചെയ്യുമ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിയുടെ പേരിലുള്ള രജിസ്ട്രേഷൻ തന്നെ ഉപയോഗിക്കുന്നത് സംബന്ധിച്ച്.

സൂചന:-1. ധനകാര്യ വകുപ്പിന്റെ 22/10/2018ലെ സ.ഉ.(അച്ചടി) നം 162/2018/ധന നമ്പർ ഉത്തരവ്

2. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 01/11/2017ലെ സ.ഉ.(അച്ചടി) നം 87/2017/തസ്വഭവ നമ്പർ ഉത്തരവ്

3. വനിതാ-ശിശു വികസന വകുപ്പിന്റെയും സാമൂഹ്യനീതി വകുപ്പിന്റെയും സ്പെഷ്യൽ സെക്രട്ടറിയുടെ 01/3/19ലെ 48/S Secy/19/SJ/WCD/69 നമ്പർ കുറിപ്പ്

വനിതാ-ശിശു വികസന വകുപ്പിലെ സൂപ്പർവൈസർ, ശിശുവികസന പദ്ധതി ഓഫീസർമാർ എന്നിവർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് സാധനങ്ങൾ പർച്ചെയ്സ് ചെയ്യുമ്പോൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ഉപയോഗിക്കുന്നതിന് തടസ്സവാദം ഉന്നയിക്കുകയും വ്യക്തിഗത GST രജിസ്ട്രേഷൻ എടുത്തു പദ്ധതി നിർവ്വഹണം പൂർത്തിയാക്കണമെന്ന് തദ്ദേശസ്വയംഭരണ സ്ഥാപന ഭാരവാഹികൾ നിർബന്ധം പിടിക്കുന്നതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. ആയതിനാൽ ഇത് സംബന്ധിച്ച് താഴെപ്പറയുന്ന നിർദ്ദേശം പുറപ്പെടുവിക്കുന്നു.

GST ചട്ടം 25-ാം വകുപ്പ് പ്രകാരം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സെക്രട്ടറിയുടെ പേരിൽ GST രജിസ്ട്രേഷൻ എടുക്കേണ്ടതാണെന്ന് സർക്കാർ നിർദ്ദേശം നൽകിയിരുന്നതിനാൽ മറ്റു വകുപ്പുകളിലെ ഉദ്യോഗസ്ഥർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് സാധനങ്ങൾ പർച്ചേയ്സ് ചെയ്യുമ്പോൾ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിയുടെ GSTIN ലേക്ക് തന്നെ തുക

ഒടുക്കാവുന്നതാണ്. ഇതിനായി ടി ഉദ്യാഗസ്ഥർ വ്യക്തിഗത GST രജിസ്ട്രേഷൻ എടുക്കേണ്ടതില്ല. മേൽ നിർദ്ദേശം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പാലിക്കേണ്ടതാണ്.

പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സ്പെഷ്യൽ സെക്രട്ടറി, വനിതാ-ശിശു വികസന വകുപ്പ് & സാമൂഹ്യനീതി വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
(പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ മുൻസിപ്പാലിറ്റി ചെയർപേഴ്സൺമാർക്കും/സെക്രട്ടറിമാർക്കും
(നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും-
ഗ്രാമവികസനകമ്മീഷണർ മുഖേന
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം
കരുതൽ ഫയൽ / ഓഫീസ് കോപ്പി

**പകർപ്പ്:-** ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ